**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1568 15/02/2016 -ൽ മറുപടിയ്ക്ക്

# പോളിഹൗസ് കൃഷി രീതിക്ക് നൽകുന്ന സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് പോളിഹൗസ് കൃഷി രീതിക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം ഒരു ചതുരശ്രമീറ്ററിന് ചെലവ് കണക്കാക്കുന്ന 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ കർഷകർക്കായുള്ള പരിശീലനവും ജില്ലകൾതോറും നടത്തി വരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ 75 ശതമാനവും 2015-16 സാമ്പത്തിക വർഷത്തിൽ 60 ശതമാനവുമാണ് ധനസഹായമായി നൽകി വരുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പോളീഹൗസിൽ വിളകളുടെ കൃഷി നടത്തിപ്പിനായുള്ള ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |
| ബി) പോളിഹൗസ് കൃഷിരീതി പരിശീലിപ്പി-ക്കുന്നതിന് സംസ്ഥാന സർക്കാർ | ബി) കർഷകർക്കും യുവജനങ്ങൾക്കും ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള |

എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ എല്ലാ ജില്ലയിലും ഹൈടെക് കൃഷി ചെയ്യുവാൻ താത്പര്യമുള്ളവർക്ക് പരിശീലനം ലഭ്യമാക്കുന്നതാണ്. കൂടാതെ പിന്തുണ നൽകുവാനായി സാങ്കേതിക വിദഗ്ധരുടെ സേവനം കൃഷി വകുപ്പിലും കേരള കാർഷിക സർവ്വകലാശാലയിലും ലഭ്യമാണ്. കൂടാതെ, 10 കൃഷി ഓഫീസർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുമുണ്ട്.

സി) പോളിഹൗസ് കൃഷിരീതിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സി) ഉണ്ട്.

കാർഷികോത്പാദന കമ്മീഷണറുടേയും കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറുടേയും നിർദ്ദേശ പ്രകാരം തെക്കൻ ജില്ലകളിലെ പോളീഹൗസ് കൃഷി രീതിയുടെ ഗുണദോഷങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുന്നതിനായി കർഷക സാന്ത്വനം പദ്ധതിയുടെ Multi Disciplinary Team പോളീഹൗസുകൾ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെ വിദഗ്ദ്ധരായ ഡോ.സാം.റ്റി.കുറുന്തോട്ടക്കൽ, ഡോ.സി.നന്ദകുമാർ, ഡോ.കെ. ഉമാമഹേശ്വരൻ, ഡോ.റ്റി.സജിതാ റാണി എന്നിവരെ ഉൾപ്പെടുത്തിയാണ്

പ്രസ്തുത ടീം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോളീ ഹൗസുകളിലെ കൃഷി വിജയകരമാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**